നമ്പർ. 11421/പാർല/2019/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 859 10.06.2019 - ൽ മറുപടിക്ക്

## കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ

ചോദ്യം

ശ്രീ. അനിൽ അക്കര

മറുപടി

ശ്രീ. എ. കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | ക്രൈസ്തവ സഭാ സ്ഥാപനങ്ങളിലും പള്ളികളിലും സ്വത്ത് തർക്കമുണ്ടായാൽ ആയത് പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | ഇത്തരം സ്വത്ത് തർക്കം ഉണ്ടായാൽ സിവിൽ നിയമങ്ങൾ പ്രകാരമുള്ള പരിഹാര മാർഗ്ഗങ്ങൾ തേടാവുന്നതാണ്. |
| ബി) | രാജ്യത്ത് നിലവിലുള്ള സിവിൽ നിയമം അനുസരിച്ച് കോടതികൾക്ക് ഇത്തരം സ്വത്ത് തർക്കങ്ങളിൽ ഇടപെടുന്നതിന് എന്തെങ്കിലും പ്രതിബന്ധമുണ്ടോയെന്ന് അറിയിക്കുമോ; | രാജ്യത്തെ സിവിൽ നിയമം അനുസരിച്ച് ഇത്തരം സ്വത്ത് തർക്കം സംബന്ധിച്ച കേസുകളിൽ സിവിൽ കോടതികൾക്ക് ഇടപെടുന്നതിന് പ്രതിബന്ധം ഒന്നുമില്ല. |
| സി) | ഇല്ലെങ്കിൽ ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയ കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

| | | |
|---|---|---|
| ഡി) | പ്രസ്തുത ബില്ലിന് സർക്കാർ എതിരാണെങ്കിൽ ഏത് സാഹചര്യത്തിലാണ് സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ ഇപ്രകാരമൊരു ബിൽ കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനിടയായത് എന്ന് വ്യക്തമാക്കുമോ? | കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമാണ് കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കമ്മീഷൻ, കമ്മീഷന്റെ വെബ് സൈറ്റിൽ ഒരു കരട് ബിൽ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമ പരിഷ്കരണ കമ്മീഷന്റെ ശിപാർശകൾ സർക്കാർ സ്വീകരിച്ചാൽ മാത്രമേ പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ നിയമ നിർമ്മാണം നടത്തുകയുള്ളൂ. ഇത് സംബന്ധിച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിൽ ഒരു നിയമ നിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ